2024
APRIL
02
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## സിറിയയിൽ ഇസ്രയേലിന്റെ ആക്രമണം; ഇറാൻ റവല്യൂഷണറി ഗാർഡ് ഉൾപ്പെടെ 8 പേർ മരിച്ചു

**ബെയ്റൂട്ട് :** സിറിയൻ തലസ്ഥാനമായ ദമാസ്കസിൽ ഇറാൻ എംബസിയുടെ സമീപമുള്ള കെട്ടിടത്തിനുനേർക്ക് ഇസ്രയേലിന്റെ ആക്രമണം. കൊല്ലപ്പെട്ട എട്ടുപേരിൽ ഇറാനിയൻ റവല്യൂഷണറി ഗാർഡ് കോറിന്റെ മുതിർന്ന കമാൻഡറും ഉണ്ടെന്നാണ് വിവരം. ദമാസ്കസിലെ മാസ്സെയിലെ കോൺസുലേറ്റ് കെട്ടിടമാണ് ഇസ്രയേൽ ലക്ഷ്യമിട്ടതെന്ന് സിറിയയുടെ ഔദ്യോഗിക വാർത്താ ഏജൻസിയായ സന റിപ്പോർട്ട് ചെയ്തു.

ആക്രമണത്തിൽ കെട്ടിടം പൂർണമായി തകർന്നു. ഇറാൻ കമാൻഡർ മുഹമ്മദ് റേസ സഹേദിയുടെ മരണം രാജ്യാന്തര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് ആണ് പുറത്തുവിട്ടത്. എന്നാൽ അംബാസഡർ ഹുസൈൻ അക്ബറി സുരക്ഷിതനാണെന്ന് ഇറാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ആക്രമണത്തിൽ ആറു പേരാണ് മരിച്ചതെന്ന് യുകെ ആസ്ഥാനമായ സിറിയൻ ഒബ്സർവേറ്ററി ഫോർ ഹ്യൂമൻ റൈറ്റ്സ് സംഘടന പറഞ്ഞു. എന്നാൽ ഇസ്രയേലിൽനിന്ന് ഇക്കാര്യത്തിൽ പ്രതികരണം ഉണ്ടായിട്ടില്ല. കഴിഞ്ഞ ദിവസം ഇസ്രയേൽ നടത്തിയ ആക്രമണങ്ങളിൽ സിറിയിയൽ 53 പേർ കൊല്ലപ്പെട്ടിരുന്നു. ഇതിൽ 38 സൈനികരും ഇറാൻ പിന്തുണയോടെ പ്രവർത്തിക്കുന്ന ഹിസ്ബുല്ലയുടെ ഏഴ് ഭീകരരും ഉൾപ്പെടും.

### കേരളത്തിന്റെ കണക്കുകളിൽ പൊരുത്തക്കേട്

# കോടികൾ കടമെടുക്കാനുള്ള നീക്കം തടഞ്ഞ്: സുപ്രീംകോടതി

**ന്യൂഡൽഹി:** കടമെടുപ്പ് പരിധിയിലെ കേന്ദ്രമാനദണ്ഡങ്ങളെ ചോദ്യം ചെയ്തുള്ള കേരളത്തിൻറെ ഹർജി അഞ്ചംഗ ഭരണഘടനാ ബെഞ്ചിനു വിട്ടുള്ള സുപ്രീംകോടതി ഉത്തരവിൽ കേരളത്തിനെതിരെ ഗുരുതര പരാമർശങ്ങൾ. 10,722 കോടിരൂപ കടമെടുക്കാനുള്ള അവകാശം ബോധ്യപ്പെടുത്താൻ സംസ്ഥാനത്തിനായില്ലെന്നാണു സുപ്രീംകോടതി ഉത്തരവിൽ പറയുന്നത്. കേരളത്തിന് എതിരായ കേന്ദ്രവാദം ശരിയെന്നും അധികമായി സംസ്ഥാനത്തിനു കടമെടുക്കാൻ അവകാശമില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. 2017,20 വരെ കേരളം അധികമായി കടമെടുത്തെന്ന കേന്ദ്രവാദം ശരിവച്ച സുപ്രീംകോടതി കേരളത്തിന്റെ കണക്കുകളിൽ പൊരുത്തക്കേടുണ്ടെന്നും ചൂണ്ടിക്കാട്ടി.

2023,24 സാമ്പത്തിക വർഷത്തിൽ ഇടക്കാല ആശ്വാസമായി കൂടുതൽ കടമെടുക്കാൻ അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം കോടതി തള്ളുകയായിരുന്നു. കോടതി ഇടപെടലിലൂടെ സംസ്ഥാനത്തിന് ആവശ്യത്തിനുള്ള പണം ലഭ്യമാക്കിയിട്ടുണ്ട് എന്ന് പറഞ്ഞാണു കോടതി ആവശ്യം തള്ളിയത്.



ജസ്റ്റിസ് സൂര്യകാന്ത്, കെ.വി.വിശ്വനാഥൻ എന്നിവരുടെ ബെഞ്ചാണ് കേസ് പരിഗണിച്ചത്. കഴിഞ്ഞ മാസം ആദ്യം കേസ് പരിഗണിച്ച സുപ്രീം കോടതി കേരളത്തിന് 13,608 കോടി രൂപ കടമെടുക്കാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവിട്ടിരുന്നു. ബാക്കി കടമെടുപ്പു പരിധിയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്താനാണു കോടതി നിർദേശിച്ചത്. 26,000 കോടി രൂപ കടമെടുക്കാൻ ഇടക്കാല ഉത്തരവിലൂടെ അനുവദിക്കണമെന്നായിരുന്നു കേരളത്തിന്റെ ആവശ്യം. വിഷയത്തിൽ വാദം പൂർത്തിയാക്കിയിരുന്നു. 2023, 24 സാമ്പത്തിക വർഷത്തെ കടമെടുപ്പു പരിധി ഉയർത്താനുള്ള വിഷയത്തിൽ കോടതി നിർദേശം അനുസരിച്ചു ചർച്ച നടന്നിരുന്നുവെങ്കിലും കേന്ദ്രവും സംസ്ഥാനവും തമ്മിൽ ധാരണയായിരുന്നില്ല.

## സ്വർണ, ഓഹരി വിപണികളിലെ കുതിപ്പ് തുടരുന്നു

**കൊച്ചി:** ആഗോള മേഖലയിലെ ചലനങ്ങളുടെ കരുത്തിൽ സ്വർണ, ഓഹരി വിപണികളിലെ കുതിപ്പ് തുടരുന്നു. വിദേശ നിക്ഷേപകരുടെ പണമൊഴുക്കും അമെരിക്കൻ ഡോളറിൻറെ ദൗർബല്യവും വിപണിക്ക് അനുകൂലമായി. സുരക്ഷിത നിക്ഷേപമെന്ന നിലയിൽ കേന്ദ്ര ബാങ്കുകൾ മികച്ച വാങ്ങൽ താത്പര്യങ്ങൾ പ്രകടിപ്പിച്ചതോടെ രാജ്യാന്തര വിപണിയിൽ സ്വർണ വില സ്വർണ വില ഔൺസിന് 2258 ഡോളറിന് അടുത്തെത്തി. ഇതോടെ കേരളത്തിൽ സ്വർണ വില പവന് 680 രൂപ ഉയർന്ന് 50,880 രൂപയിലെത്തി. ഗ്രാമിൻറെ വില 85 രൂപ ഉയർന്ന് 6,360 രൂപയിലെത്തി.

വെള്ളിയാഴ്ച സ്വർണ വില പവന് 50,400 രൂപയിലെത്തിയിരുന്നു. ശനിയാഴ്ച പവൻ വില 200 രൂപ കുറഞ്ഞതിന് ശേഷമാണ് വീണ്ടും കുതിച്ചുയർന്നത്. അമെരിക്കയിലെ ഫെഡറൽ റിസർവ് സെപ്റ്റംബറിന് മുൻപ് മൂന്ന് തവണ പലിശ കുറച്ചേക്കുമെന്ന വാർത്തകളാണ് സ്വർണത്തിലേക്ക് പണമൊഴുക്ക് കൂട്ടുന്നത്.

വിദേശ നിക്ഷേപ ഒഴുക്കിൻറെ കരുത്തിൽ ഓഹരികൾ വിപണിയും പുതിയ ഉയരങ്ങൾ കീഴടക്കി. പുതിയ സാമ്പത്തിക വർഷത്തെ ആദ്യ വ്യാപാര ദിനത്തിൽ മികച്ച കുതിപ്പോടെ സെൻസെക്സും നിഫ്റ്റിയും വ്യാപാരത്തിനിടെ റെക്കോഡ് ഉയരത്തിലെത്തി. പിന്നീട് ലാഭമെടുപ്പ് ശക്തമായതോടെ സൂചികകൾ താഴേക്ക് നീങ്ങി.



വാഹന മേഖലയിൽ ഒഴികെയുള്ള ഓഹരികളാണ് മുന്നേറ്റത്തിന് നേതൃത്വം നൽകിയത്.

ബോംബെ ഓഹരി സൂചിക 363.20 ഉയർന്ന് 74,014.55ലും ദേശീയ സൂചിക 135.1 പോയിൻറ് നേട്ടവുമായി 22,462ൽ അവസാനിച്ചു. ടാറ്റ സ്റ്റീൽ, അദാനി പോർട്ട്സ്, ശ്രീറാം ഫിനാൻസ് തുടങ്ങിയവയാണ് പ്രധാനമായും നേട്ടമുണ്ടാക്കിയത്.





# വേനലവധിക്കൊരുങ്ങി ദുബായ് നഗരം

**ദുബായ്:** ഈ വേനൽക്കാലം അവിസ്മരണീയ അനുഭവമാക്കി മാറ്റുവാൻ അനന്തമായ സാധ്യതകളുടെ ഒരു മിശ്രിതം ദുബായ് തുറക്കുന്നു. ഹോട്ട് എയർ ബലൂൺ സഫാരി, ബാച്ചിരിലെ ഐസ് ക്രീം സ്വാദുകൾ, ഹത്തയിലെ പർവത കാഴ്ചകളും കയാക്കിംഗും, അകാവെഞ്ചർ വാട്ടർപാർക്ക്, ഡെസേർട്ട് സഫാരി, ബംഗളോ 34ലെ ബ്രഞ്ച് ബ്ലിസ്, ദുബായ് മിറക്കിൾ ഗാർഡൻ, കൈറ്റ് ബീച്ച് എന്നിവയാണ് ദുബായ് വാഗ്ദാനം ചെയ്യുന്ന ചില വേനൽക്കാല വിനോദ കേന്ദ്രങ്ങൾ.

മരുഭൂമിയിലെ മൺകൂനകൾക്ക് മുകളിലൂടെ, മേഘങ്ങൾക്ക് ഇടയിലൂടെ താഴെയുള്ള പ്രകൃതി ദൃശ്യങ്ങൾ ആസ്വദിക്കുവാൻ ഹോട്ട് എയർ ബലൂൺ സവാരിയിലൂടെ സാധിക്കുന്നു. സൂര്യോദയ സൂര്യാസ്തമയ സഫാരികളാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ അറേബ്യൻ ഓറിക്സിന്റെയും ഗസലുകളുടെയും കൂട്ടങ്ങൾ വിസ്മയകരമായ ഭൂപ്രകൃതിയിലൂടെ മനോഹരമായി സഞ്ചരിക്കുന്നതിന് സാക്ഷ്യം വഹിക്കാൻ അവസരം ലഭിക്കും.

1936ൽ മൗറീസും എഡ്മോർഡും ചേർന്ന് തുടങ്ങിയ കുടുംബ ബിസിനസായ ബാച്ചിരിലെ ലെബനീസ് ഐസ് ക്രീം ലെമൺ മിന്റ്, റോസ് ലൂക്കോം എന്നിവ പോലെയുള്ള പ്രാദേശിക രുചികൾക്കൊപ്പം മാസ്റ്റിക് ചേർക്കുന്നതിലൂടെ സൃഷ്ടിക്കപ്പെട്ട വ്യതിരിക്തമായ രുചി സഞ്ചാരികൾക്കിടയിലെ ജനപ്രീതി വർദ്ധിപ്പിക്കുന്നു. ഹത്ത ഫോർട്ട് ഹോട്ടലിനും ഹത്ത വാദി ഹബ്ബിനും സമീപം സ്ഥിതി ചെയ്യുന്ന ഹത്ത ഡാം ദുബായിലെ തിരക്കേറിയ നഗരജീവിതത്തിൽ നിന്ന് ശാന്തമായ ഒരു യാത്ര വാഗ്ദാനം ചെയ്യുന്നു. ശാന്തമായ വെള്ളത്തിനു കുറുകെയുള്ള കയാക്കുകളിൽ സഞ്ചരിക്കുക, അണക്കെട്ടിന്റെ അരികിലൂടെ വാഹനമോടിക്കുക, അല്ലെങ്കിൽ ധാരാളം ഫോട്ടോ അവസരങ്ങളോടെ മനോഹരമായ ഹൈക്കുകൾ നടത്തുക തുടങ്ങി നിരവധി കാഴ്ചകൾ ഈ പ്രകൃതിരമണീയമായ വിനോദ കേന്ദ്രം വാഗ്ദാനം ചെയ്യുന്നു.

ദുബായിലെ പ്രധാന വാട്ടർപാർക്ക് ഡെസ്റ്റിനേഷനായ അകാവെഞ്ചറിലേക്കുള്ള യാത്ര ദുബായിലെ ജലകേന്ദ്രീകൃത സാഹസികതയുടെ ആനന്ദം അനുഭവിക്കാൻ എല്ലാ പ്രായക്കാർക്കും വാഗ്ദാനം ചെയ്യുന്ന ഒരു ആഴത്തിലുള്ള അനുഭവമാണ്. അത് പോലെ ദുബായിലെ മരുഭൂമികളിലെ സുവർണ്ണ മണലിലൂടെയുള്ള അവിസ്മരണീയമായ ഡെസേർട്ട് സഫാരിയിൽ നിങ്ങൾക്ക് ഡ്യൂൺ ബഗ്ഗികളും ക്വാഡ് ബൈക്കുകളും ആസ്വദിക്കുവാൻ സാധിക്കും.

നിക്കി ബീച്ച് റിസോർട്ട് & സ്പാ ദുബായിലെ പേൾ ജുമൈറയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ബംഗളോ 34, പുതിയതും നൂതനവുമായ വിഭവങ്ങളോടെ മനോഹരമായ കടൽത്തീര ഡൈനിംഗ് അനുഭവത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു. 150 ദശലക്ഷത്തിലധികം വിരിഞ്ഞ പൂക്കളുള്ള ദുബായ് മിറാക്കിൾ ഗാർഡനിൽ, അതിശയിപ്പിക്കുന്ന പ്രദർശനങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന പുഷ്പ സൗന്ദര്യത്തിന്റെ ഒരു അത്ഭുതലോകത്തിൽ വിഹരിക്കാനും കണ്ണെത്താ ദൂരത്തോളം സ്വർണ്ണമണലുകൾ പരന്നുകിടക്കുന്ന കൈറ്റ് ബീച്ചിലെ സൂര്യപ്രകാശമേറിയ തീരങ്ങളും സ്ഫടികം പോലെ തെളിഞ്ഞ വെള്ളവും കണ്ടു ആസ്വദിക്കുവാനും ഈ വേനലിൽ ദുബായ് വാഗ്ദാനം ചെയ്യുന്നു.

# ഫോറെവർ ഗ്ലോബൽ റാലി ഏപ്രിൽ 9 മുതൽ ന്യൂഡൽഹിയിൽ നടക്കും

**കൊച്ചി:** ഫോറെവർ ലിവിങ് പ്രോഡക്ട് സംഘടിപ്പിക്കുന്ന ഫോറെവർ ഗ്ലോബൽ റാലി 2024 ഏപ്രിൽ 9 മുതൽ ഏപ്രിൽ 14 വരെ ന്യൂഡൽഹിയിൽ നടക്കും. ഫോർഎവർ രൂപകല്പന ചെയ്ത ഒരാഴ്ച നീണ്ടു നിൽക്കുന്ന ഈ റാലിയിൽ പങ്കാളികൾക്കായി പരിവർത്തന പരിശീലനം, ആകർഷകമായ വർക്ക്ഷോപ്പുകൾ, സമർപ്പിത പ്രയത്നങ്ങൾക്കുള്ള അംഗീകാരങ്ങൾ, റാലി ഷോ എന്നിവയുണ്ടായിരിക്കും.

ഫോറെവർ ലിവിംഗ് പ്രോഡക്സിന്റെ മറ്റൊരു വിജയവർഷത്തെ അനുസ്മരിക്കാൻ 100 രാജ്യങ്ങളിൽ നിന്നുള്ള 12,000ത്തിലധികം വ്യക്തികൾ ഗ്ലോബൽ റാലിയിൽ പങ്കെടുക്കും. ഇത്തവണത്തെ റാലി സംഘടിപ്പിക്കുന്നതിലൂടെ രാജ്യത്തെ ഹോസ്പിറ്റാലിറ്റി, ടൂറിസം മേഖലകളെ ഉത്തേജിപ്പിക്കുകയും ആ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിന് ഇന്ത്യക്കാർക്ക് ഇതിന്റെ പ്രത്യക്ഷവും നേട്ടങ്ങൾ ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.ആഗോള വെല്ലുവിളികൾ നേരിടാനും അവസരങ്ങൾ കണ്ടെത്താനുമുള്ള അവസരമാണ് ഫോറെവർ ഗ്ലോബൽ റാലി 2024 എന്ന് ഫോറെവർ ലിവിംഗ് ഉൽപ്പന്നങ്ങളുടെ സിഇഒ ഗ്രെഗ് മൗഗൻ ഊന്നിപ്പറഞ്ഞു. മനോഹരമായ ഒരു ക്രമീകരണത്തിന്റെയും അസാധാരണമായ യാത്രാപദ്ധതിയുടെയും പശ്ചാത്തലത്തിൽ വാർഷിക ഗ്ലോബൽ റാലി ഫോറെവർ ലിവിംഗ് ഉൽപ്പന്നങ്ങളുടെ വിജയത്തിൽ ആഹ്ലാദിക്കാൻ വൈവിധ്യമാർന്ന ജനക്കൂട്ടത്തെ ഒരുമിച്ച് കൊണ്ടുവരുന്നു. അദ്ദേഹം പറഞ്ഞു.

സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രസ് മീറ്റുകൾ, ഫോറെവർ ബിസിനസ്സ് ഉടമകൾക്കുള്ള അംഗീകാര ചടങ്ങുകൾ, ആദ്യമായി എഫ്ജിആർ യോഗ്യതനേടുന്നവർ, കൺട്രി മാനേജർ മീറ്റിംഗുകൾ, ദൈനംദിന പ്രവർത്തനങ്ങൾ, വിഐപി ഡിന്നറുകൾ, ആഗോള റാലി ഷോകൾ എന്നിവയുടെ സമ്പന്നമായ ഒരു നിരയാണ് ആഴ്ച നീണ്ടുനിൽക്കുന്ന ആഘോഷത്തിൽ. ആതിഥേയ രാജ്യം എന്ന നിലയിൽ, ഫോർഎവർ ഗ്ലോബൽ റാലി 2024ലെ പ്രതിനിധികളുടെ വരവിനായി ഇന്ത്യ ആകാംക്ഷയോടെ കാത്തിരിക്കുന്നു, പങ്കെടുക്കുന്നവരും ഫോർഎവർ ബിസിനസ്സ് ഉടമകളും പ്രിയപ്പെട്ട ഓർമ്മകളും വിലപ്പെട്ട ഉൾക്കാഴ്ചകളുമായി നാട്ടിലേക്ക് മടങ്ങുന്നുവെന്ന് ഉറപ്പാക്കും എന്ന് ഫോറെവർ ലിവിംഗ് ഇന്ത്യ കൺട്രി സെയിൽസ് മാനേജർ ഹരീഷ് സിംഗ്ല പറഞ്ഞു.

# കണ്ണൂരും കാസർഗോഡും നെറ്റ്‌വർക്ക് വിപുലമാക്കി എയർടെൽ

കണ്ണൂർ: ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളായ ഭാരതി എയർടെൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ തങ്ങളുടെ ശൃംഖലയിൽ കൂടുതൽ സൈറ്റുകൾ വിന്യസിച്ചു.

31 പട്ടണങ്ങളിലും 218 ഗ്രാമങ്ങളിലുമായി 11.7 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഇതുവഴി വോയ്സ്, ഡാറ്റ കണക്റ്റിവിറ്റിയിൽ ഈ മേഖലയിലെ ഉപഭോക്തൃ അനുഭവം വർദ്ധിപ്പിക്കും.കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഇരിട്ടി, കണ്ണൂർ, തളിപ്പറമ്പ്, പ്രദേശങ്ങളിൽ ഈ നെറ്റ്‌വർക്ക് മെച്ചപ്പെടുത്തൽ നേരിട്ട് പ്രയോജനപ്പെടും. ഈ വിപുലീകരണം ഗ്രാമങ്ങളിലെ ഉപഭോക്താക്കൾക്ക് അതിവേഗ കണക്റ്റിവിറ്റിയുടെ തടസ്സങ്ങളില്ലാതെ ലഭ്യത സാധ്യമാക്കും. 2024 ഓടെ രാജ്യത്തെ 60,000 ഗ്രാമങ്ങളിലും നെറ്റ്‌വർക്ക് മെച്ചപ്പെടുത്തും.

എയർടെല്ലിന്റെ ഏറ്റവും വലിയ ശ്രദ്ധാകേന്ദ്രമായ വിപണികളിലൊന്നാണ് കേരളം, ഈ സംരംഭത്തിലൂടെ 1600 ഗ്രാമങ്ങളിലും 355 പട്ടണങ്ങളിലുമായി സംസ്ഥാനമൊട്ടാകെയുള്ള 4ജി,5ജി ബ്രോഡ്ബാൻഡ്, ഫൈബർ കണക്ട് വിറ്റിയിൽ തടസമില്ലാത്ത സേവനം ലഭ്യമാകും.

# പുതിയ ഉൽപ്പന്ന ശ്രേണിയുമായി റെഹാവു

**കൊച്ചി:** ഫർണിച്ചർ വ്യവസായത്തിലെ പോളിമർ സൊല്യൂഷനുകളിൽ ആഗോള തലവനായ റെഹാവു, ഫർണിച്ചർ ഇന്റീരിയർ ഡിസൈൻ മേഖലയിലെ ഇന്ത്യയിലെ പ്രമുഖ ഇവന്റായ ഇൻഡ്യവുഡ് 2024ൽ തങ്ങളുടെ ഏറ്റവും പുതിയ ഉത്പന്ന ശ്രേണി പുറത്തിറക്കി. തങ്ങളുടെ 75ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ റൗവിസിയോ ക്രിസ്റ്റൽ ഡീപ് കളക്ഷൻ, റൗവോളറ്റ് നോബിൾ മാറ്റ് റോളർ ഷട്ടർ ശ്രേണി എന്നിവയ്ക്കൊപ്പം റെഹാവുവിന്റെ നൂതനമായ ഓഫറുകളുടെ കേന്ദ്രമായ റൗകാന്റക്സ്നെ കമ്പനി അഭിമാനപൂർവ്വം പ്രദർശിപ്പിച്ചു. ഇന്ത്യയിലുടനീളമുള്ള റെഹാവുവിന്റെ നിർമ്മാണവിതരണ ശൃംഖല ഏകീകരിക്കാനും പ്രവർത്തനക്ഷമതയും ഉൽപ്പന്ന ലഭ്യതയും ഗണ്യമായി വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടു റെഹാവു അടുത്തിടെ വഡോദരയിൽ അതിന്റെ അത്യാധുനിക എക്സലൻസ് സെന്റർ ഉദ്ഘാടനംചെയ്യുകയുണ്ടായി.റെഹാവുവിൽ, ഞങ്ങളുടെ 75ാം വാർഷികം ഭൂതകാലത്തിന്റെ ആഘോഷം മാത്രമല്ല, ഭാവിയിലേക്കുള്ള ഒരു വഴിവിളക്കാണ്. ഞങ്ങളുടെ ഉപഭോക്താക്കളുടെ നിലവിലെ ആവശ്യങ്ങൾ നിറവേറ്റുക മാത്രമല്ല, ഭാവിയിലെ ട്രെൻഡുകൾ മുൻകൂട്ടി കാണുകയും ചെയ്യുന്ന പയനിയറിംഗ് സൊല്യൂഷനുകൾക്കായി ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് 'റെഹായു സിഇഒ റാഫേൽ ഡൗം പറഞ്ഞു.ആഗോള ഇന്ത്യയ്ക്കായുള്ള ജർമ്മൻ ഗുണനിലവാരം' എന്ന ഞങ്ങളുടെ ഈ വർഷത്തെ തീം അഭിലാഷമുള്ള ഇന്ത്യയുടെ കൂടിച്ചേരലും അതിനെ മികവോടെ സേവിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയും അവതരിപ്പിക്കുന്നു.

ഉപഭോക്താക്കൾ ഒരു റെഹാവു ഉൽപ്പന്നം വാങ്ങുമ്പോൾ, ഞങ്ങൾ വാഗ്ദാനം ചെയ്യുന്ന സമാനതകളില്ലാത്ത ഗുണനിലവാരത്തിനും വിശ്വാസ്യതയ്ക്കും അവർ ഞങ്ങളെ വിശ്വസിക്കുന്നുവെന്ന് റെഹാവു സൗത്ത് ഏഷ്യയിലെ ഫർണിച്ചർ സൊല്യൂഷൻസ് വിപി മനീഷ് അറോറ പറഞ്ഞു.



# നൂതന ബിരുദബിരുദാനന്തര കോഴ്സുകളുമായി ജെയിൻ യൂണിവേഴ്സിറ്റി

**കൊച്ചി:** തൊഴിൽ രംഗത്ത് മികച്ച കരിയർ സ്വന്തമാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ നൂതന കോഴ്സുകളുമായി ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി, ക്ലൗഡ് ടെക്നോളജി തുടങ്ങി തൊഴിൽ സാധ്യതയേറെയുള്ള ഒട്ടനവധി കോഴ്സുകളാണ് പുതിയ അധ്യയന വർഷത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി ചാൻസിലർ ഡോ. ചെൻരാജ് റോയ്ചന്ദ്, ന്യൂ ഇനിഷ്യേറ്റീവ് ഡയറക്ടർ ഡോ. ടോം ജോസഫ്, വൈസ് ചാൻസിലർ ഡോ. ജെ. ലത എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ മേഖലയിൽ പ്രാവീണ്യം നേടുവാൻ കാലഘട്ടത്തിനനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കാം.ആർട്സ് ആൻഡ് ഡിസൈനിൽ താത്പര്യമുള്ള വിദ്യാർത്ഥികൾക്കായി യു.കെ വേൾഡ് ഡിസൈൻ കൗൺസിൽ (ഡബ്ല്യു.ഡി.സി) ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഫാഷൻ ഡിസൈൻ, ഇന്ററാക്ടീവ് ഗെയിം ആർട് ഡിസൈൻ എന്നിവയിൽ ബിരുദബിരുദാനന്തര കോഴ്സുകൾക്ക് പുതിയ അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), മെഷീൻ ലേണിങ് കോഴ്സുകളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിസ്റ്റിക്സ് അംഗീകൃത ഡാറ്റാ സയൻസ് കോഴ്സുകളും ജയിൻ യൂണിവേഴ്സിറ്റി വിഭാവനം ചെയ്യുന്നു. ചാർട്ടേഡ് സൊസൈറ്റി ഓഫ് ഫോറൻസിക് അംഗീകൃത ഫോറൻസിക് സയൻസ്, ബ്രിട്ടീഷ് സൈക്കോളജി സൊസൈറ്റി ഇന്റഗ്രേറ്റഡ് സൈക്കോളജി, ഇൻഡസ്ട്രിയൽ സൈക്കോളജി, ഡാറ്റാ സയൻസ്, സോഫ്റ്റ് വെയർ എൻജിനീയറിങ് തുടങ്ങിയവയിൽ ബിരുദബിരുദാനന്തര കോഴ്സുകളിലേക്കും ഈ വർഷം പ്രവേശനം നേടാം.

സാമ്പത്തിക ശാസ്ത്രം, പബ്ലിക് പോളിസി എന്നിവയിൽ താത്പര്യമുള്ളവർക്ക് റോയൽ ഇക്കണോമിക് സൊസൈറ്റി ഇന്റഗ്രേറ്റഡ് ബി.എ ഇക്കണോമിക്സ് കോഴ്സിന് ആപേക്ഷിക്കാം.ബ്രാൻഡിങ് ആൻഡ് അഡ്വർടൈസ്മെന്റ് രംഗത്ത് ആഗോളതലത്തിൽ ഏറെ അംഗീകാരമുള്ള ബി.ബി.എ കോഴ്സുകൾക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിസ്റ്റിക്സ് അംഗീകൃത എം.ബി.എ ബിസിനസ് അനലിറ്റിക്സ് കോഴ്സുകൾക്കും വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാമെന്നും ഇവർ വ്യക്തമാക്കി.ഇന്റർനാഷണൽ ഫിനാൻസും അക്കൗണ്ടിങ്ങും മുഖ്യ വിഷയങ്ങളായ ബി.കോം, ഇന്റർനാഷണൽ ഫിനാൻസ് പ്രധാന പഠന വിഷയമായ ബി.ബി.എ, എം.കോം, എം.ബി.എ എന്നിങ്ങനെ നാല് എ.സി.സി.എ അംഗീകൃത കോഴ്സുകളും, മാനേജ്മെന്റ് വൈദഗ്ധ്യം ആഗ്രഹിക്കുന്നവർക്ക് യു.കെ ചാർട്ടേഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് അംഗീകൃത ബി.ബി.എ, ഫിനാൻസ്, മാർക്കറ്റിംഗ്, എച്ച്.ആർ കോഴ്സുകളിൽ പ്രവേശനം നേടാം. എന്റർപ്രണർഷിപ്പ് മുഖ്യ വിഷയമായ ബി.കോം, ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റിൽ പ്രാവീണ്യം ആഗ്രഹിക്കുന്നവർക്കായുള്ള പ്രത്യേക ബി.കോം കോഴ്സും ആവിഷ്കരിച്ചിട്ടുണ്ട്. നാക്ക് എ ഡബിൾ പ്ലസ് അംഗീകാരവും യുജിസിയുടെ കാറ്റഗറി വൺ ഗ്രേഡഡ് ഓട്ടോണമിയുമുള്ള രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ് ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി.രാജ്യത്തെ കായിക രംഗത്തെ പ്രചാരണത്തിനും വികസനത്തിനും കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയം നൽകി വരുന്ന രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ പുരസ്കാരവും ജെയിൻ യൂണിവേഴ്സിറ്റിക്ക് ലഭിച്ചിട്ടുണ്ട്.2019 ൽ കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചിരുന്നെങ്കിലും യുജിസി നിയമത്തിൽ ചില ആശയക്കുഴപ്പങ്ങൾ നിലനിന്നിരുന്നതിനാൽ ക്യാമ്പസിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിരുന്നില്ല. എന്നാൽ, പുതിയ യുജിസി നിയമം അനുസരിച്ച് മുൻകാല പ്രാബല്യത്തോടെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കൊച്ചിയിലെ ക്യാമ്പസിന് അംഗീകാരം നൽകുകയും ചെയ്തുവെന്നും ഇവർ വ്യക്തമാക്കി.



# കെടിഎം കപ്പ് രണ്ടാം സീസൺ സൗത്ത് സോൺ യോഗ്യതാ മത്സരങ്ങൾ സമാപിച്ചു

**കൊച്ചി:** ലോകത്തിലെ ഒന്നാം നമ്പർ സ്പോർട്സ് മോട്ടോർസൈക്കിൾ ബ്രാൻഡായ കെടിഎം, കെടിഎം കപ്പിന്റെ രണ്ടാം സീസണിന് തുടക്കം കുറിച്ചു. കെടിഎം ഉടമകൾക്ക് പ്രൊഫഷണൽ റൈഡർമാരാകുന്നതിന് ആവശ്യമായ അത്യാധുനിക അനുഭവങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് കെടിഎം പ്രോഎക്സ്പി കെടിഎം കപ്പ് സംഘടിപ്പിക്കുന്നത്. കോയമ്പത്തൂരിലെ കാരി മോട്ടോർ സ്പീഡ് വേയിലാണ് സൗത്ത് സോൺ യോഗ്യതാ മത്സരങ്ങൾ നടന്നത്. പ്രോ, അമേച്വർ, വനിതാ വിഭാഗങ്ങളിലായി 25 നഗരങ്ങളിൽ നിന്നുള്ള 20 ലധികം വനിതാ റേസർമാർ ഉൾപ്പെടെ 214 റേസർമാർ യോഗ്യതാ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിന്റെ ഗ്രാൻഡ് ഫിനാലെ മെയ് മാസത്തിൽ കോയമ്പത്തൂരിൽ നടക്കും.കെടിഎം കപ്പ് രണ്ടാം സീസണിലെ മികച്ച 3 വിജയികൾ, ഓസ്ട്രിയയിലെ സാൽസ്ബർഗിലുള്ള റെഡ് ബുൾ റിംഗിൽ കെടിഎം ഇൻസ്ട്രക്ടർമാരുമായും മുൻ ഗ്രാൻഡ് പ്രിക്സ് വിജയികളുമായും പരിശീലനം നേടുന്നതിനുള്ള ഒരു പ്രത്യേക അവസരം നേടും. ഒരു ഭാഗ്യശാലി വിജയിക്ക് പവർഡ്രിഫ്റ്റിൽ പരിശീലനം നേടാനുള്ള അവസരവും ലഭിക്കും.

'കോയമ്പത്തൂരിൽ കെടിഎം കപ്പ് രണ്ടാം സീസൺ ഫ്ലാഗ് ഓഫ് ചെയ്യുമ്പോൾ ഞങ്ങൾക്കെല്ലാം ഇത് അവിശ്വസനീയമായ അനുഭവമാണ്. ഇന്നത്തെ മത്സരങ്ങൾ ഏറ്റവും മികച്ചതായിരുന്നു, ട്രാക്കിലെ അവരുടെ വിസ്മയിപ്പിക്കുന്ന പ്രകടനത്തിന് എല്ലാ വിഭാഗങ്ങളിലെയും യോഗ്യത നേടുന്ന റൈഡർമാരെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് നമ്മൾ കണ്ട ആവേശകരമായ പങ്കാളിത്തം ഇന്ത്യയിൽകെടിഎംന്റെ മോട്ടോർസ്പോർട്ട് ക്രെഡൻഷ്യലുകൾ വീണ്ടും ഉറപ്പിക്കുകയും ആത്യന്തിക റേസിംഗിനുള്ള മാനദണ്ഡം സ്ഥാപിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ മോട്ടോർ സ്പോർട്സിന്റെ മറ്റൊരു ഇലക്ട്രിഫൈയിംഗ് സീസണിലേക്കുള്ള ആഹ്ലാദകരമായ തുടക്കമാണിത്. ഏപ്രിലിൽ നോയിഡയിൽ നടക്കുന്ന അടുത്ത റൗണ്ട് റേസുകൾക്കായി ഞങ്ങൾ കാത്തിരിക്കുകയാണ്, അവിടെ പങ്കെടുക്കുന്ന റേസർമാർ മഹത്വത്തിലേക്ക് മറ്റൊരു പടി കൂടി അടുത്ത് ഓസ്ട്രിയയിലെ കെടിഎമ്മിന്റെ സത്ത അനുഭവിക്കാനുള്ള അവസരത്തിനായി പോരാടും.' ബജാജ് ഓട്ടോ ലിമിറ്റഡിന്റെ പ്രസിഡൻറ് സുമീത് നാരംഗ് പറഞ്ഞു.

# ജോയ്ആലുക്കാസിൽ മംഗല്യ ഉത്സവത്തിന് തുടക്കമായി

Joyalukkas

**കൊച്ചി:** വൈവിധ്യമാർന്ന വിവാഹ ആഭരണങ്ങളുടെ ശേഖരവുമായി ജോയ്ആലുക്കാസ് ഷോറൂമുകളിൽ മംഗല്യ ഉത്സവത്തിന് തുടക്കമായി. വിവാഹ ആഭരണങ്ങൾക്ക് സ്പെഷ്യൽ വെഡ്ഡിംഗ് ഓഫറായ 2.99 ശതമാനം മാത്രം പണിക്കൂലി മംഗല്യ ഉത്സവത്തിന്റെ ഭാഗമായി നൽകുന്നത്.

ഏത് ജൂവലറിയിൽ നിന്നും വാങ്ങിയ പഴയ സ്വർണാഭരണങ്ങൾ മാറ്റി, പുതിയ നൂറുശതമാനം എച്ച് യു ഐ ഡി 916 ഹാൾമാർക്ക് ആഭരണമാക്കുന്നതിനുള്ള എക്സ്ചേഞ്ച് സൗകര്യവും ഷോറൂമുകളിൽ ലഭ്യമാണ്. ജോയ്ആലുക്കാസിന്റെ ഷോറൂമുകളിൽ നിന്നും പർച്ചേസ് ചെയ്യുന്ന ആഭരണങ്ങൾക്ക് ആജീവനാന്ത സൗജന്യ മെയിന്റനൻസും ഒരുവർഷത്തെ സൗജന്യ ഇൻഷുറൻസും കമ്പനി ഉറപ്പു നൽകുന്നു. കൂടാതെ, ബൈബാക്ക് ഗ്യാരണ്ടി സൗകര്യവും ജോയ്ആലുക്കാസ് ഷോറൂമുകളിൽ ലഭ്യമാണ്.ദശലക്ഷത്തിലേറെ വൈവിധ്യമാർന്ന രൂപകൽപ്പനകളിൽ ഒരുക്കിയ വിപുലമായ ആഭരണ ശേഖരമാണ് ഉപഭോക്താക്കൾക്കായി ജോയ്ആലുക്കാസ് ഒരുക്കിയിട്ടുള്ളത്. പുതിയ ട്രെൻഡുകൾക്കൊപ്പം പാരമ്പര്യ അഭിരുചികളും കോർത്തിണക്കിയ ആഭരണങ്ങളാണിവ.വിവാഹങ്ങൾക്കായി ഒരുങ്ങുന്ന കുടുംബങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന മികച്ച ഓഫറാണ് മംഗല്യ ഉത്സവം. മനസ്സിനിണങ്ങിയ ആഭരണങ്ങൾ അത്യാകർഷക ആനുകൂല്യങ്ങളോടെ സ്വന്തമാക്കാൻ ഈ ഓഫർ അവസരം ഒരുക്കുന്നു. ഇളവുകൾക്കൊപ്പം ആഭരണ പ്രേമികൾക്ക് ലോകോത്തര ഷോപ്പിങ് അനുഭവവും തങ്ങളുടെ ഷോറൂമുകളിൽ ലഭിക്കുമെന്ന് ജോയ്ആലുക്കാസ് ചെയർമാനും എംഡിയുമായ ജോയ് ആലുക്കാസ് പറഞ്ഞു.



# സ്‌കോളിയോസിസിന് ആസ്റ്റർ മെഡ്‌സിറ്റിയിൽ പരിശോധനാക്യാമ്പ്

**കൊച്ചി:** കൊച്ചി ആസ്റ്റർ മെഡ്‌സിറ്റിയിൽ സ്‌കോളിയോസിസ് രോഗനിർണയത്തിനും ചികിത്സയ്ക്കും പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ ഒന്ന് മുതൽ 6 വരെ നീളുന്ന ക്യാമ്പ് ആസ്റ്റർ സ്‌പൈൻ സെന്ററിന്റെ ആഭിമുഖ്യത്തിലാണ് നടത്തുന്നത്. നട്ടെല്ലിൽ അസാധാരണമായ വളവുകൾ ഉണ്ടാകുന്ന രോഗമാണ് സ്‌കോളിയോസിസ്. ലോകമെമ്പാടും ലക്ഷക്കണക്കിനാളുകൾക്ക് ഈ രോഗമുണ്ട്. കൃത്യമായ പരിശോധനകളും ചികിത്സയും ഉറപ്പാക്കിയാൽ സ്‌കോളിയോസിസ് ബുദ്ധിമുട്ടുകളില്ലാതെ കൈകാര്യം ചെയ്യാനും ഭേദമാക്കാനും കഴിയും.ക്യാമ്പ് നടക്കുമ്പോൾ ഡോക്ടറെ കാണുന്നതിനുള്ള കൺസൾട്ടേഷൻ ഫീസ് പകുതിയായി കുറച്ചിട്ടുണ്ട്. എക്‌സ്‌റേ, റേഡിയേഷൻ പരിശോധനകൾ ആവശ്യമുള്ളവർക്ക് 20% വിലക്കിഴിവും ലഭ്യമാകും. ശസ്ത്രക്രിയ ആവശ്യമുള്ള രോഗികൾക്ക് ചികിത്സ തുടങ്ങുന്നത് മുതൽ രോഗം ഭേദമാകുന്നത് വരെ സമഗ്രമായ പരിരക്ഷ ഉറപ്പാക്കുന്ന പ്രത്യേക പാക്കേജുകളും അവതരിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 8111 998 098 എന്ന നമ്പറിൽ ബന്ധപ്പെടാം.

# ഇക്കോസ് ഇന്ത്യ മൊബിലിറ്റി ആൻഡ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇക്കോസ് ഇന്ത്യ മൊബിലിറ്റി ആൻഡ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് പ്രാഥമിക ഓഹരി വില്പനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു.പ്രമോട്ടർമാരുടെ, ഓഹരി ഒന്നിന് രണ്ട് രൂപ മുഖവിലയുള്ള 1.8 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# പോളിക്യാബിന്റെ അഡ്വാൻസ്ഡ് ബി.എൽ.ഡി.സി. ഫാൻ അവതരിപ്പിച്ചു



**കൊച്ചി:** ഊർജ്ജക്ഷമതയിലും പ്രകടനത്തിലും രൂപകൽപ്പനയിലും റെക്കോർഡ് നിലവാരവുമായി ഇന്ത്യയിലെ മുൻനിര ഇലക്ട്രിക്കൽ ഉത്പന്ന നിർമ്മാണ കമ്പനിയായ പോളിക്യാബ് ഇൻഡ്യ ലിമിറ്റഡിന്റെ പോളിക്യാബ് സൈലെൻസിയോ മിനി അഡ്വാൻസ്ഡ് ബി.എൽ.ഡി.സി. ഫാൻ അവതരിപ്പിച്ചു. മിനി ബി.എൽ.ഡി.സി. ഫാൻ. 3200 മുതൽ 4500 വരെയാണ് ഫാനിന്റെ വില.

# ആറു കോടി വിൽപന നേട്ടം കൈവരിച്ച് ഹോണ്ട



**കൊച്ചി:** രാജ്യത്തെ മുൻനിര ഇരുചക്രവാഹന നിർമാതാക്കളായ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്‌കൂട്ടർ ഇന്ത്യ ആഭ്യന്തര വിൽപനയിൽ 6 കോടി വിൽപന പിന്നിട്ട് ചരിത്രനേട്ടം കൈവരിച്ചു ഇന്ത്യൻ വിപണിയോടുള്ള പ്രതിബദ്ധത അടിവരയിടുന്നതാണ് ഈ ശ്രദ്ധേയമായ നേട്ടം. 2001ലാണ് ആദ്യ ഇരുചക്ര വാഹനമായ ആക്ടീവയുമായി ഹോണ്ട ഇന്ത്യൻ വിപണിയിൽ പ്രവേശിച്ചത്, ആക്ടീവ, ഷൈൻ മോഡലുകളാണ് ഈ അതിവേഗ നേട്ടത്തിൽ വലിയ പങ്കുവഹിച്ചത്. ഇന്ത്യൻ ഉപഭോക്താക്കൾക്കിടയിൽ ഏറ്റവും കൂടുതൽ വിറ്റഴിച്ചതും ഈ രണ്ട് ഐക്കണിക് മോഡലുകളാണ്.



# മൂന്ന് വർഷത്തിനുള്ളിൽ 17 കോടി രൂപ വരുമാനമുണ്ടാക്കി മലയാളി സ്റ്റാർട്ടപ്പ്

**കൊച്ചി:** കമ്പനി ആരംഭിച്ച് മൂന്ന് വർഷത്തിനുള്ളിൽ 17 കോടി രൂപ വരുമാനമുണ്ടാക്കി മലപ്പുറത്ത് നിന്നുള്ള എഡ്യുടെക് സ്റ്റാർട്ടപ്പായ ഇൻറർവെൽ.

202324 സാമ്പത്തിക വർഷത്തിലാണ് ഇവർ ഈ നേട്ടം കൈവരിച്ചത്.2021 ജനുവരിയിൽ റമീസ് അലി, ഷിബിലി അമീൻ, സനാഫിർ ഒ കെ, അസ് ലഹ് തടത്തിൽ, നാജിം ഇല്യാസ് എന്നിവർ ചേർന്ന് സ്ഥാപിച്ച ഇൻറർവെല്ലിന് ഇന്ന് 30 രാജ്യങ്ങളിലായി 25,000 ലേറ വിദ്യാർത്ഥികളാണുള്ളത്.ആദ്യ വർഷത്തിൽ രണ്ട് കോടിയും രണ്ടാം വർഷത്തിൽ എട്ട് കോടിയുമായിരുന്നു ഇൻറർവെല്ലിൻറെ വരുമാനം. ഇന്നത് 17 കോടി രൂപയാകുമ്പോൾ മലപ്പുറം അരിക്കോട് നിന്നുള്ള ഈ സ്ഥാപനം ഉയർച്ചയുടെ പാതയിലാണെന്ന് സഹസ്ഥാപകനായ റമീസ് അലി പറഞ്ഞു. കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷത്തിലും 100 ശതമാനത്തിലേറെ വരുമാനവർധനവ് ഉണ്ടാക്കാൻ ഇൻറർവെല്ലിന് കഴിഞ്ഞിട്ടുണ്ട്.എജുടെക്ക് പ്ലാറ്റ്ഫോമുകൾ പിന്തുടരുന്ന പതിവ് രീതികളിൽ നിന്ന് വ്യത്യസ്മായി വൺറ്റുവൺ ലൈവ് ട്യൂട്ടറിങ് ആണ് ഇൻറർവെൽ പിന്തുടരുന്നത്. അധ്യാപകർ നേരിട്ട് വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകുകയും ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധ നൽകുകയും ചെയ്യുന്ന സംവിധാനമാണിതെന്ന് റമീസ് പറഞ്ഞു.നിലവിൽ ഇൻറർവെൽ പ്ലാറ്റ്ഫോമിൽ അയ്യായിരത്തിലേറെ അധ്യാപകരും 260 ജീവനക്കാരുമുണ്ട്. 30 രാജ്യങ്ങളിലായി 25000ലേറെ വിദ്യാർത്ഥികളുമുണ്ട്. യൂറോപ്പ് കേന്ദ്രീകരിച്ച് വിവിധ വിപുലീകരണത്തിനുള്ള ഒരുക്കത്തിലാണെന്നും റമീസ് പറഞ്ഞു.

അരീക്കോട് 30,000 ചതുരശ്രയടി സ്ഥലത്ത് ഇൻറർവെല്ലിൻറെ കോർപറേറ്റ് ഓഫീസ് പ്രവർത്തനമാരംഭിച്ചു.കഴിഞ്ഞ സാമ്പത്തികവർഷം തന്നെയാണ് രണ്ട് കോടി രൂപയുടെ എയ്ഞ്ജൽ നിക്ഷേപം ഇൻറർവെല്ലിന് സമാഹരിക്കാനായെന്ന് റമീസ് പറഞ്ഞു. വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള പ്രതിഭകളേയും നിക്ഷേപകരേയും ആകർഷിക്കുന്നതിന് ഫിൻലൻഡ് സാമ്പത്തിക കാര്യ മന്ത്രാലയം തുടക്കമിട്ട 'ടാലൻറ് ബൂസ്റ്റ്' പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ആഗോള സ്റ്റാർട്ടപ്പ് സംഗമത്തിലേക്ക് ഇന്ത്യയിൽ നിന്ന് ക്ഷണം ലഭിച്ച ഏക സ്റ്റാർട്ടപ്പ് സംരഭമായിരുന്നു ഇൻറർവെൽ.




# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റും ഇസാഫ് ഫൗണ്ടേഷനും ധാരണയായി

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ് (ഇർമ) സർവകലാശാലയിൽ മൂല്യാധിഷ്ഠിത വ്യവസായിക പഠനത്തിനായി ഇസാഫ് ചെയർ സ്ഥാപിക്കാൻ ധാരണയായി. ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോളും ഇർമ ഡയറക്ടർ ഡോ. ഉമാകാന്ത് ദാസും ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

സഹകരണ പ്രസ്ഥാനങ്ങൾക്കുള്ള പരിശീലനവും ഗവേഷണത്തിനുള്ള സഹായവും നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റിൽ മൂല്യാധിഷ്ഠിത വ്യവസായിക പഠനത്തിനായി ഇസാഫ് ചെയർ അനുവദിച്ചത് ഇസാഫ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണെന്ന് ഇസാഫ് ഗ്രൂപ്പ് സ്ഥാപകനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് പറഞ്ഞു. ഇസാഫിന്റെ 32 വർഷത്തെ ബൃഹത്തായ പാരമ്പര്യം മൂല്യാധിഷ്ഠിത വ്യാവസായിക പഠന മേഖലയ്ക്ക് കരുത്തുറ്റ മുതൽക്കൂട്ടാണ്. തുടർന്നും ഈ മേഖലയെ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്താൻ ഇസാഫിന് സാധിക്കും. ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോൾ പറഞ്ഞു.

രാഷ്ട്രത്തിന്റെ വികസനത്തിനായുള്ള മൂല്യാധിഷ്ഠിത ബിസിനസുകളുടെ വളർച്ചയാണ് ഈ ഒത്തുചേരലിലൂടെ സാധ്യമാകുന്നതെന്ന് ഇർമ ഡയറക്ടർ ഡോ. ഉമാകാന്ത് ദാസ് പറഞ്ഞു. ചടങ്ങിൽ ഇസാഫ് ബാങ്ക് ചെയർമാൻ പി. ആർ. രവി മോഹൻ, ഇർമ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. സുശാന്ത് ശർമ, ഇസാഫ് ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജോർജ് തോമസ്, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മുൻ ഡയറക്ടറും ഇർമ അലുമ്നി അസോസിയേഷൻ ചെയർമാനുമായ സി. പി. മോഹൻ, സസ്റ്റൈനബിൾ ബാങ്കിങ് വിഭാഗം വൈസ് പ്രസിഡന്റ് റെജി കോശി ഡാനിയേൽ എന്നിവർ പങ്കെടുത്തു.



# സുരക്ഷിതത്വത്തിന് കൂടുതൽ കരുത്ത് നൽകി ഹോണ്ട കാർസ് ഇന്ത്യ

**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രീമിയം കാർ നിർമ്മാതാക്കളിലെ മുൻനിരക്കാരായ ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡ് (എച്ച്സിഐ എൽ) തങ്ങളുടെ എലിവേറ്റ്, സിറ്റി, സിറ്റി ഇ: എച്ച്ഇവി, അമേസ് എന്നിങ്ങനെയുള്ള കാറുകളുടെ സമ്പൂർണ്ണ നിരകളിലും സുരക്ഷാ ഫീച്ചറുകൾ മെച്ചപ്പെടുത്തുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത ഒന്നുകൂടി ഉറപ്പിച്ചിരിക്കുന്നു. 2050ഓടു കൂടി ആഗോള തലത്തിൽ ഹോണ്ടയുടെ വാഹനങ്ങൾ ഉൾപ്പെടുന്ന കൂട്ടിമുട്ടലുകളിൽ ഒരു മരണം പോലും സംഭവിക്കരുത് എന്ന് ഉറപ്പ് വരുത്തുന്ന കമ്പനിയുടെ ആഗോള വീക്ഷണത്തിന്റെ ചുവടു പിടിച്ചു കൊണ്ടാണ് ഈ മെച്ചപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നത്.

ജനപ്രിയ മോഡലുകളായ ഹോണ്ട എലിവേറ്റിലും ഹോണ്ട സിറ്റിയിലും ഇനി ആറ് എയർബാഗുകളും 3 പോയന്റ് എമർജൻസി ലോക്കിങ്ങ് റിട്രാക്റ്റർ (ഇഎൽആർ) സീറ്റ് ബെൽറ്റുകൾ, സീറ്റ് ബെൽറ്റ് റിമൈൻഡർ എന്നിവ ഉണ്ടായിരിക്കും. ഈ മോഡലുകളിൽ ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്ന നിരവധി മറ്റ് ഫീച്ചറുകളും കൂട്ടിച്ചേർക്കും. ഇതിനകം തന്നെ ആറ് എയർ ബാഗുകൾ സജ്ജീകരിച്ചിട്ടുള്ള സിറ്റി ഇ: എച്ച്ഇവിയിൽ ഇനി അഞ്ച് യാത്രക്കാർക്കും സീറ്റ് ബെൽറ്റ് റിമൈൻഡറുകളും ഉണ്ടാകും. അഞ്ച് യാത്രക്കാർക്കും സീറ്റ് ബെൽറ്റ് റിമൈൻഡറുകളോടൊപ്പം മെച്ചപ്പെട്ട സുരക്ഷ ഹോണ്ട അമേസിലും ഉണ്ടാകും.

സുരക്ഷിതത്വ പാക്കേജ് മെച്ചപ്പെടുത്തുന്നതിനെപ്പറ്റി സംസാരിക്കവെ ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡിന്റെ പ്രസിഡന്റും സി ഇ ഒയുമായ ശ്രീ തക്കുയ സുമുറ പറഞ്ഞു, 'സജീവവും അല്ലാത്തതുമായ സുരക്ഷാ ഫീച്ചറുകളുടെ സമഗ്രമായ നിരകളിലൂടെ ഞങ്ങളുടെ ഉപഭോക്താക്കളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുവാനുള്ള അചഞ്ചലമായ പ്രതിബദ്ധത ഹോണ്ട എന്നും പ്രകടിപ്പിക്കാറുണ്ട്. ഡ്രൈവർമാരുടേയും യാത്രക്കാരുടേയും മറ്റ് വാഹനങ്ങളിലൂടെ റോഡ് ഉപയോഗിക്കുന്നവരുടേയും സുരക്ഷിതത്വം ഒരുപോലെ സംരക്ഷിക്കുക എന്നുള്ളത് ഹോണ്ടയുടെ മുഖ്യ പരിഗണനയിൽപ്പെട്ട കാര്യമാണ്. ഹോണ്ട വാഹനങ്ങൾ ഉൾപ്പെടുന്ന കൂട്ടിമുട്ടലുകളിൽ ഒരാൾ പോലും മരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനുള്ള ഞങ്ങളുടെ ആഗോള ലക്ഷ്യത്തിന്റേയും 'എല്ലാവർക്കും സുരക്ഷിതത്വം' എന്ന സമീപനത്തിന്റേയും ചുവടു പിടിച്ചു കൊണ്ട് എലിവേറ്റിലും സിറ്റിയിലും ഒരുപോലെ ആറ് എയർ ബാഗുകൾ എല്ലാ മോഡലുകളിലും വാഗ്ദാനം ചെയ്യുകയാണ്.

ഇന്ത്യയിലെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടു വരികയും ഉപഭോക്താക്കൾക്കിടയിൽ സുരക്ഷിതത്വം സംബന്ധിച്ചുള്ള ബോധം വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വേളയിൽ സുരക്ഷിതത്വത്തിന്റെ അളവുകോലുകൾക്കെല്ലാം അപ്പുറത്തേക്ക് എത്തിച്ചേർന്നു കൊണ്ട് മികവും ഉപഭോക്തൃ സംതൃപ് തിയും നൽകുക എന്നുള്ള കാര്യത്തിൽ ഹോണ്ട അടിയുറച്ച് വിശ്വസിക്കുന്നു."

# നാല് ചരിത്ര സ്മാരകങ്ങളുടെ ചുമതല സഭ്യത ഫൗണ്ടേഷൻ ഏറ്റെടുത്തു

**ന്യൂഡൽഹി:** ഇന്ത്യയുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സമർപ്പിച്ചിരിക്കുന്ന ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമായ സഭ്യത ഫൗണ്ടേഷനെ, ഗവൺമെന്റിന്റെ 'അഡോപ്റ്റ് എ ഹെറിറ്റേജ് 2.0' പദ്ധതിക്ക് കീഴിൽ ഇന്ത്യയുടെ നാല് ഐക്കണിക് സ്മാരകങ്ങളുടെ പരിപാലനവും പ്രചാരണവും ഏൽപ്പിച്ചു. പുരാന കില, ഹുമയൂണിന്റെ ശവകുടീരം, സഫ്ദർജംഗ് ശവകുടീരം, മെഹ്റൗളി പുരാവസ്തു പാർക്ക് എന്നിവയുടെ ചുമതലയാണ് ഫൗണ്ടേഷനെ ഏൽപ്പിച്ചത്.

സ്മാരക് സാരഥി എന്ന നിലയിൽ, ഈ നാല് പൈതൃക സ്ഥലങ്ങളിലെ സന്ദർശകരുടെ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവ നിർബന്ധമായും സന്ദർശിക്കേണ്ട സ്ഥലങ്ങളായി സ്ഥാപിക്കുന്നതിനുമുള്ള ഉത്തരവാദിത്തം സഭ്യത ഫൗണ്ടേഷൻ ഏറ്റെടുക്കും. ശുചിത്വം, പ്രവേശനക്ഷമത, സുരക്ഷ, അറിവ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ കാൽനടയാത്ര വർദ്ധിപ്പിക്കുക, സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അവിസ്മരണീയമായ അനുഭവങ്ങൾ സൃഷ്ടിക്കുക എന്നിവ ഇതിന്റെ പ്രാഥമിക ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. കേന്ദ്രസംരക്ഷിത സ്മാരകങ്ങളിലും സൈറ്റുകളിലും സൗകര്യങ്ങൾ നൽകുന്നതിനും വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തം ലക്ഷ്യമിടുന്നതാണ് സാംസ്കാരിക വകുപ്പിന്റെയും ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ(എഎസ്ഐ) യുടെയും ഈ സംയുക്ത സംരംഭം.

പുരാന കിലയിൽ നടന്ന പരിപാടിയിൽ മുഖ്യാതിഥിയായി വിദേശകാര്യ മന്ത്രി ശ്രീ എസ്. ജയശങ്കറും മറ്റ് വിശിഷ്ടാതിഥികളും പങ്കെടുത്തു.



# കനത്ത ചൂട്: അതീവ ജാഗ്രത വേണമെന്ന് ദുരന്ത നിവാരണ അതോറിറ്റി

**ഇടുക്കി:** ഉയർന്ന ചൂട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ ജനങ്ങൾ അതീവ ജാഗ്രത പുലർത്തണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഉയർന്ന ചൂട് സൂര്യാതപം, നിർജലീകരണം തുടങ്ങിയ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കു കാരണമാകുന്നതിനാൽ പൊതുജനങ്ങൾക്കുള്ള നിർദേശങ്ങളും അഥോറിറ്റി പുറപ്പെടുവിച്ചു.

പകൽ 11 മുതൽ വൈകുന്നേരം മൂന്നു വരെ നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക. പരമാവധി ശുദ്ധജലം കുടിക്കുക. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക.

നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതള പാനീയങ്ങൾ തുടങ്ങിയവ പകൽ ഒഴിവാക്കുക. അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

പുറത്തിറങ്ങുന്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്. പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ഒആർഎസ് ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളവും ക്ലാസ് മുറികളിൽ വായു സഞ്ചാരവും ഉറപ്പാക്കണം. പരീക്ഷാഹാളുകളിലും ജല ലഭ്യത ഉറപ്പാക്കണം. വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തണം. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യണം.

കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മുതൽ മൂന്നു വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

അങ്കണവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതത് പഞ്ചായത്ത് അധികൃതരും അങ്കണവാടി ജീവനക്കാരും ശ്രദ്ധിക്കണം. കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലം അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കു കുടിവെള്ളം നൽകി നിർജലീകരണം തടയാൻ സഹായിക്കുക. പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുന്പോൾ ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പു വരുത്തണം. യാത്ര ചെയ്യുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. വെള്ളം കൈയിൽ കരുതുക.

# ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കും വീഫിൻ സൊല്യൂഷൻസും ധാരണയിൽ

**കൊച്ചി:** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സാമ്പത്തിക സേവനങ്ങൾ നൽകുന്നതിനായി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കും വീഫിൻ സൊല്യൂഷൻസും ധാരണയായി.

ujjivan SMALL FINANCE BANK

ഇതുവഴി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമായ പ്രവർത്തന മൂലധന ആവശ്യങ്ങൾ പരിഹരിക്കാനും അതുവഴി സമഗ്രമായ വളർച്ച പ്രോത്സാഹിപ്പിക്കാനും ഈ സഹകരണം ലക്ഷ്യമിടുന്നു. വീഫിന്റെ അത്യാധുനിക പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുന്നതിലൂടെ, എം.എസ്.എം.ഇ കൾ അഭിമുഖീകരിക്കുന്ന ക്രെഡിറ്റ് വിടവ് നികത്തുന്ന സമഗ്രമായ, എൻഡ് ടുഎൻഡ് സൊല്യൂഷനുകൾ നൽകാനാണ് ഉജ്ജീവൻ ലക്ഷ്യമിടുന്നത്.



# ലുമിനസ് പവർ ടെക്നോളജീസ് സോളാർ പാനൽ നിർമ്മാണ ഫാക്ടറി തുറന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ എനർജി സൊല്യൂഷൻസ് കമ്പനിയായ ലുമിനസ് പവർ ടെക്നോളജീസ് ഉത്തരാഖണ്ഡിലെ രുദ്രാപൂരിൽ സോളാർ പാനൽ ഫാക്ടറി തുറന്നു. കേന്ദ്ര സർക്കാരിൻറെ പിഎം സൂര്യോദയ യോജന അനുസരണമായാണ് ലുമിനസിൻറെ ഗ്രീൻ സോളാർ പാനൽ ഫാക്ടറി.

ലുമിനസ് ബ്രാൻഡ് അംബാസഡറും ഇതിഹാസ ക്രിക്കറ്റ് താരവുമായ സച്ചിൻ ടെണ്ടുൽക്കർക്കൊപ്പം, ലുമിനസ് പവർ ടെക്നോളജീസിൻറെ എംഡിയും സിഇഒയുമായ പ്രീതി ബജാജ്, ലുമിനസ് ബോർഡ് ചെയർമാനും ഷ്നൈഡർ ഇലക്ട്രിക്കിൻറെ ഇൻറർനാഷണൽ ഓപ്പറേഷൻസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറുമായ മനീഷ് പന്ത് എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ലുമിനസ് എക്സ്പീരിയൻസ് സെൻറർ, എക്സ്പീരിയൻസ് ഓൺ വീൽസ് ബസ് എന്നിവയും ചടങ്ങിൽ അവതരിപ്പിച്ചു.പത്ത് ഏക്കർ വിസ്തൃതിയിലാണ് ഉത്തരാഖണ്ഡിലെ തന്നെ ഏറ്റവും വലിയ സോളാർ പാനൽ ഫാക്ടറി സ്ഥിതി ചെയ്യുന്നത്. പൂർണമായും ഓട്ടോമേറ്റഡായ പ്ലാൻറിൽ ഏറ്റവും പുതിയതും അത്യാധുനികവുമായ സോളാർ മൊഡ്യൂൾ നിർമാണ സാങ്കേതികവിദ്യകളാണ് സജ്ജീകരിച്ചിരിക്കുന്നത്. ഉയർന്ന ഗുണമേന്മയുള്ള മൊഡ്യൂളുകൾ നിർമിക്കുന്നതിന് ആവശ്യമായ പൂർണ റോബോട്ടിക് ഓട്ടോമേഷൻ കഴിവുകളുള്ള ഫ്യൂച്ചർ മൊഡ്യൂൾ സാങ്കേതികവിദ്യയുള്ള രാജ്യത്തെ ആദ്യത്തെ പ്ലാൻറ് കൂടിയാണിത്.

250 മെഗാവാട്ടാണ് നിലവിലെ ശേഷി. ഭാവിയിൽ ഇത് ഒരു ഗിഗാവാട്ട് വരെയായി ഉയർത്താനാവും. മികച്ച നിലവാരത്തിൽ ഈടുനിൽക്കുന്ന സോളാർ പാനൽ പ്രോജക്റ്റുകൾക്കായി ലോകത്തിലെ ഏറ്റവും വലിയ റിന്യൂവബിൾ എനർജി സ്കൂളുകളിലൊന്നായ ഓസ്ട്രേലിയയിലെ ന്യൂ സൗത്ത് വെയിൽസ് യൂണിവേഴ്സിറ്റിയുമായി തന്ത്രപരമായ പങ്കാളിത്തവും ലുമിനസിനുണ്ട്. വിവിധ മേഖലകളിൽ 2000 കോടി രൂപയുടെ നിക്ഷേപം നടത്തി അടുത്ത 3 വർഷത്തിനുള്ളിൽ വളർച്ച ഇരട്ടിയാക്കാനും ലുമിനസ് പവർ ടെക്നോളജീസ് ലക്ഷ്യമിടുന്നു.

# മെയ് ഒന്നിന് പ്രതിഷേധ സമരമെന്ന് ഓൾ കേരള ടെയ്‌ലേഴ്സ് അസോസിയേഷൻ

**കൊച്ചി:** കേരളത്തിലെ തയ്യൽ തൊഴിലാളികളോട് സംസ്ഥാന സർക്കാർ കാട്ടുന്ന അവഗണനയിൽ പ്രതിഷേധിച്ച് മെയ ഒന്ന് പ്രതിഷേധ ദിനായി ആചരിക്കുമെന്ന് ഓൾ കേരള ടെയ്‌ലേഴ്സ് അസോസിയേഷൻ എറണാകുളം ജില്ലാ പ്രസിഡന്റ് ടി ആർ നളിനാക്ഷൻ, സെക്രട്ടറി എ എസ് കുട്ടപ്പൻ, ട്രഷറർ ഷീല മത്തായി എന്നിവർ വാർത്താ കുറിപ്പിൽ അറിയിച്ചു.

നിരവധി സമരങ്ങളിലൂടെ തയ്യൽ തൊഴിലാൽകൾ നേടിയെടുത്ത ആനുകൂല്യങ്ങൾ അട്ടിമറിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. അർഹതപ്പെട്ട ആനൂകൂല്യം ലഭിക്കുന്നതിനായി കഴിഞ്ഞ മുന്നു വർഷത്തലിധകിമായി തയ്യൽ തൊഴിലാളികൾ നിവേദനങ്ങളും പരാതികളുമായി സർക്കാർ ഓഫിസുകൾ കയറിയിറങ്ങുകയാണ്.

സംസ്ഥാന സർക്കാർ സംഘടിപ്പിച്ച നവകേരള സദസുകളിലും റിട്ടയർമെന്റ് ആനുകൂല്യവിഷയത്തിലടക്കം തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് സംഘടനയും വ്യക്തികളും പരാതികൾ സമർപ്പിച്ചുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

ഈ സാഹചര്യത്തിലാണ് പ്രതിഷേധ റാലിയും സെമിനാറുകളും സംഘടിപ്പിച്ച് മെയ് ദിനം പ്രതിഷേധ സമരദിനമായി ആചരിക്കുന്നതെന്ന് ഭാരവാഹികൾ പറഞ്ഞു. ആവശ്യങ്ങൾ ചൂണ്ടിക്കാട്ടി സിപിഎമ്മിന്റെ 14 ജില്ലാ സെക്രട്ടറിമാർക്കും 20 ലോക്സഭാ മണ്ഡലങ്ങളിലെ ഇടത് സ്ഥാനാർഥികൾക്കും സംഘടന നിവേദനവും സമർപ്പിക്കും. തുടർന്നും നടപടിയുണ്ടാകുന്നില്ലെങ്കിൽ സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തുമെന്നും അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.




# കലാരംഗത്തിനു പിന്തുണയുമായി ഹുണ്ടായ്

**കൊച്ചി:** ഹുണ്ടായ് മോട്ടോർ ഇന്ത്യയുടെ സാമൂഹ്യ പ്രതിബദ്ധതാ വിഭാഗമായ ഹുണ്ടായ് മോട്ടോർ ഇന്ത്യ ഫൗണ്ടേഷൻ കലാ സാംസ്ക്കാരിക മേഖലയ്ക്കു പിന്തുണ നൽകുന്ന പദ്ധതിയുടെ മൂന്നാം പതിപ്പായ ആർട്ട് ഫോർ ഹോപ് 2024 പ്രഖ്യാപിച്ചു. ഇന്ത്യയിലുടനീളമുള്ള 20 മേഖലകളിൽ നിന്നുള്ള 40 ഗ്രാന്റികൾക്ക് ഉപഹാരം പ്രഖ്യാപിച്ചു.കലാ സാംസ്ക്കാരിക രംഗത്തെ കഴിവുകൾ പ്രോൽസാഹിപ്പിക്കാനുള്ള വാഹന വ്യവസായ മേഖലയിൽ നിന്നുള്ള ആദ്യത്തെ സിഎസ്ആർ പരിപാടിയായ ആർട്ട് ഫോർ ഹോപിന് 2021ലാണ് ഹുണ്ടായ് തുടക്കം കുറിച്ചത്.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

Liva KITCHENS & INTERIORS | TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+91 9288022663